# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.165 13/06/2019-ൽ മറുപടിക്ക്

### പേവിഷബാധയ്ക്കെതിരെ ബോധവൽക്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എം.ഷാജി<br>,, പി.ഉബൈദുള്ള<br>,, എം.ഉമ്മർ<br>,, അബ്ദുൽ ഹമീദ് പി. | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് പേവിഷ പ്രതിരോധ കുത്തിവയ്പ് സൗജന്യമായിട്ടും പേവിഷബാധയേറ്റ് മരണം സംഭവിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | എ) | പേ വിഷ ബാധക്കെതിരെയുള്ള ആന്റി റാബീസ് വാക്സിൻ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. ഗുരുതരമായ കടിയേൽക്കുന്നവർക്ക് നൽകുന്ന Equine Anti Rabies Immunoglobulin (Serum) താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമാണ്. എങ്കിലും പേ വിഷ ബാധയേറ്റ് 2018-ൽ 9 പേരും 2019-ജനുവരി മുതൽ ജൂൺ 7 വരെ 5 പേരും മരണമടഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് . |
| ബി) | ചികിത്സ തേടുന്നതിലുള്ള അജ്ഞതയും അനാസ്ഥയും പേവിഷബാധയേറ്റുള്ള മരണങ്ങൾ തടയുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ടോ; | ബി) | ആരോഗ്യ വകുപ്പ് നിരന്തരമായി ബോധവത്കരണം നടത്തി വരുന്നുണ്ടെങ്കിലും ചികിത്സ തേടുന്നതിലുള്ള അജ്ഞതയും അനാസ്ഥയും മൂലം പേ വിഷ ബാധയേറ്റുള്ള മരണങ്ങൾ തടയുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. പട്ടി, പൂച്ച, എലി മുതലായ ജീവികൾ കടിച്ചാൽ യഥാസമയം പേ വിഷബാധക്കെതിരെയുള്ള വാക്സിൻ എടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ചില ആളുകൾ ഈ വിഷയത്തിലെ അജ്ഞത മൂലം ഇത് വളരെ നിസാരമായി കാണുകയും വാക്സിനേഷന് വിധേയരാകാതിരിക്കുകയും ചെയ്യുന്നുണ്ട്. പേ വിഷബാധയേറ്റ മൃഗങ്ങളുടെയും മറ്റ ജീവികളുടെയും കൂടി സമ്പർക്കം ഉണ്ടാകുന്നവർ തുടക്കത്തിൽ പ്രത്യേക രോഗ ലക്ഷണങ്ങൾ ഒന്നും കാണിക്കാത്തതിനാൽ പലപ്പോഴും രോഗ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ട ശേഷമായിരിക്കും പേ വിഷബാധയെക്കുറിച്ച് ബോധവാനാകുന്നത് . ചികിൽസിക്കുന്ന ഡോക്ടറോട് വിവരങ്ങൾ വെളിപ്പെടുത്താത്തതും , ചികിത്സ വൈകുന്നതിനും രോഗം മൂർച്ഛിക്കുന്നതിനും മരണത്തിനും കാരണമായിത്തീരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | പേവിഷബാധയ്ക്കെതിരെ ബോധവൽക്കരണം നടത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | സി) | പേ വിഷബാധക്കെതിരെ ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർ/ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ആശമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർ വീടുകൾ തോറും ബോധവത്കരണം നടത്തുന്നുണ്ട്. കൂടാതെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർ സ്കൂളുകളിലും അംഗൻ വാടികളിലും ബോധവത്കരണ ക്ലാസുകൾ നൽകിവരാറുണ്ട്. ഇത് കൂടാതെ ഡോക്ടർമാർക്കും , സ്റ്റാഫ് നേഴ്സ്മാർക്കും പേ വിഷബാധ ചികിത്സയെപ്പറ്റിയും വാക്സിനേഷനെപ്പറ്റിയും പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഡോക്ടർമാർ പേ വിഷ ബാധ പ്രതിരോധം സംബന്ധിച്ച് ബോധവത്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. ഇത് കൂടാതെ സോഷ്യൽ മീഡിയകൾ മുഖാന്തിരവും,പത്ര ദൃശ്യ മാധ്യമങ്ങൾ വഴിയും സർക്കാർ ബോധവത്കരണം നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ